# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ . യു . പി സ്കൂൾ അടയ്ക്കാത്തോട്

## 2025 - 2026



# ആമുഖം

ബാവലിപുഴയുടെ വടക്കുഭാഗത്തെ അടയ്ക്കാത്തോട് പ്രദേശം കുടിയേറ്റക്കാർ വരുന്നതിനുമുമ്പ് വനപ്രദേശമായിരുന്നു. പൊയ്യമല, വലിയ കൊടങ്ങാട്ടുമല എന്നീ പേരുകളിലാണ് ഈ മലയോരവനപ്രദേശങ്ങൾ അറിയപ്പെട്ടിരുന്നത്. പൊയ്യമല കൊട്ടിയൂർ ദേവസ്വത്തിന്റേയും വലിയകൊടങ്ങാട്ടുമല മണത്തണ കരിമ്പനക്കൽ ചാത്തോത്ത് തറവാട്ടുവകയും ആയിരുന്നു. തെക്കും പടിഞ്ഞാറും പാലുകാച്ചിമലയും ബാവലിപ്പുഴയും വടക്ക് ചീങ്കണ്ണിപ്പുഴയും ആറളം വനപ്രദേശങ്ങളും കിഴക്ക് കൊട്ടിയൂർ വനവും കുടക് മലകളും അതിരായുള്ള പ്രദേശം അടയ്ക്കാത്തോട്, ചെട്ടിയാംപറമ്പ്, കുണ്ടേരി എന്നീ സ്ഥലനാമങ്ങളിലാണ് അറിയപ്പെട്ടിരുന്നത്.



## അടയ്ക്കാത്തോട് എന്ന പേര്

പൊയ്യമലയുടേയും വലിയ കൊടങ്ങാട്ടുമലയുടേയും അതിർത്തിയിൽകൂടി പാലുകാച്ചിമലയിൽ നിന്നും ഉത്ഭവിച്ച് ചീങ്കണ്ണിപ്പുഴയിൽ ചേരുന്ന ഒരു തോടാണ് അടയ്ക്കാത്തോട് എന്ന പേരിൽ അറിയപ്പെടുന്നത്. ഈ തോടിനോട് ചേർന്ന കിഴക്ക് ഭാഗത്താണ് മരമുതലാളിമാരുടെ കാര്യസ്ഥൻമാരും തൊഴിലാളികളും ഷെഡ്ഡ് ഉണ്ടാക്കി താമസിച്ചിരുന്നത്. ഈ ഷെഡ്ഡിൽ വെറ്റിലയും, പുകയിലയും ചുണ്ണാമ്പിനുള്ള നീറ്റുകക്കയും അടക്കയും അവർക്ക് മുറുക്കുന്നതിനുവേണ്ടി സ്റ്റോക്ക് ചെയ്തിരുന്നു. വേനൽക്കാലത്തേക്കും മുറുക്കാൻ വേണ്ടി പഴുക്ക അടക്ക നീറ്റ് അടക്ക ആക്കാൻ ഷെഡ്ഡിന്റെ സമീപത്തെ തോട്ടിലുള്ള ഒരു കുഴിയിൽ പണ്ട്കാലം മുതൽ സൂക്ഷിച്ചിരുന്നു. അങ്ങനെ അടക്ക സൂക്ഷിച്ചിരുന്ന ഈ തോടും പരിസരങ്ങളും പിന്നീട് അടക്കാത്തോട് എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി.

## കുടിയേറ്റത്തിന്റെ തുടക്കം

അടയ്ക്കാത്തോട്ടിലെ വനപ്രദേശങ്ങളിലേക്ക് കുടിയേറ്റക്കാർ പ്രവേശിച്ചു തുടങ്ങിയത് 1955 ഡിസംബറിലാണ്. കാട്ടിനുള്ളിൽ അതിർത്തി ഉണ്ടാക്കിയതിനുശേഷം കുറച്ചു ഭാഗം കാട് തെളിച്ച് ഒരു കുടിൽ ഉണ്ടാക്കി പുരുഷന്മാർ മാത്രം താമസം തുടങ്ങിയതോടുകൂടിയാണ് കുടിയേറ്റത്തിന് തുടക്കമിട്ടത്. 1957-58 കാലങ്ങളിലാണ് അടയ്ക്കാത്തോട് മേഖലയിലേക്കുള്ള കുടിയേറ്റം വ്യാപകമായത്

## വിദ്യാലയത്തിന്റെ ആവശ്യം

കുടിയേറ്റം വ്യാപകമായതോടെ ധാരാളം കുടുംബങ്ങൾ അടക്കാത്തോടും പരിസരങ്ങളിലും താമസമാക്കി. ഒന്നും രണ്ടും ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കുട്ടികളും സ്കൂളിൽ ചേർക്കാൻ പ്രായം തികഞ്ഞ കുട്ടികളും പല കുടുംബങ്ങളിലും ഉണ്ടായിരുന്നു. അടക്കാത്തോട് നിന്നും 10 കിലോമീറ്റർ ദൂരെയുള്ള മഞ്ഞളാംപുറത്ത് മാത്രമേ അന്ന് ഒരു പ്രൈമറി വിദ്യാലയം ഉണ്ടായിരുന്നുള്ളു. അടക്കാത്തോട് പ്രദേശങ്ങളിൽ ഉണ്ടായിരുന്ന കുട്ടികളെ മഞ്ഞളാംപുറം സ്കൂളിൽ പഠിപ്പിക്കാൻ കഴിയുമായിരുന്നില്ല .10 കിലോമീറ്റർ നടന്ന് ബാവലിപ്പുഴയ്ക്ക് മീതെ കമ്പി വലിച്ച് കെട്ടി ഉണ്ടാക്കിയിരുന്ന തൂക്കുപാലവും കടന്ന് വേണം മഞ്ഞളാംപുറം സ്കൂളിൽ എത്താൻ. അടക്കാത്തോടിലുള്ള കുടിയേറ്റക്കാർ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ വേണ്ടി ഷെഡ്ഡുകൾ നിർമ്മിച്ചും. ഇപ്പോൾ അടക്കാത്തോട് ഗവ. യു. പി. സ്കൂൾ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്ത് റോഡ്സൈഡിൽ നിർമ്മിച്ച ഷെഡ്ഡിലാണ് ആദ്യമായി കുട്ടികളെ എഴുത്തിനിരുത്തിയത്. 1958 ൽ അടക്കാത്തോട്ടിലെ ആദ്യ കുടിയേറ്റക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന പരമേശ്വരൻ നായർ എന്നു പേരുള്ള ഒരു ആശാൻ നിലത്തുവിരിച്ച മണലിൽ ചൂണ്ടുവിരൽകൊണ്ട് പത്ത് കുട്ടികളെ അക്ഷരം എഴുതിച്ചതോടെ അടക്കാത്തോട്ടിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു.

ഈ കുട്ടികളെ തുടർന്ന് പഠിപ്പിക്കുന്നതിന് 1,2 ക്ലാസ്സുകൾക്കുവേണ്ടി ആശാൻ കളരിക്കുസമീപം കുടിയേറ്റക്കാർ ഷെഡ് നിർമ്മിച്ചു. പഠിപ്പിക്കാൻ അധ്യാപികമാരായി മേഖലയിൽ കുടിയേറി താമസിച്ചിരുന്ന പത്താംക്ലാസ്സ് പാസായ ചേന്നാട്ടു കത്രിക്കുട്ടിയും, പുറ്റുമണ്ണിൽ ചിന്നമ്മയും തയ്യാറായി. കേരളസർക്കാരിന്റെ വിദ്യാഭ്യാസ സിലബസ് പ്രകാരമായിരുന്നു ക്ലാസ്സുകൾ.വിദ്യാഭ്യാസ വർഷാരംഭത്തിൽ പ്രൈവറ്റായി അൻപതോളം കുട്ടികൾ ഒന്നാംക്ലാസ്സിലും രണ്ടാംക്ലാസിലും പഠിക്കാനുണ്ടായിരുന്നു. ശ്രീ വട്ടപ്പാറ കുര്യാക്കോസ് പ്രസിഡണ്ടായും കല്ലൂർ കുളങ്ങര ജോസഫ് വൈസ് പ്രസിഡണ്ടായും ശ്രീ പി എം ജോസഫ് സെക്രട്ടറിയുമായ അടയ്ക്കാത്തോട് സ്കൂൾ വെൽഫെയർ കമ്മിറ്റിയാണ് ആശാൻ കളരിക്കും പ്രൈവറ്റ് സ്കൂളിനും നേതൃത്വം നൽകിയിരുന്നത്.

## വിദ്യാലയത്തിന് വേണ്ടി

അടയ്ക്കാത്തൊട്ടിൽ എൽ പി സ്കൂൾ കിട്ടുന്നതിനുള്ള പ്രവർത്തനവും കമ്മറ്റി ആരംഭിച്ചു. സ്കൂളിനുവേണ്ടി 1 ഏക്കർ സ്ഥലം വാങ്ങിക്കുവാൻ കമ്മറ്റി തീരുമാനിച്ചു. ഗവ. യു. പി. സ്കൂൾ ഇരിക്കുന്ന സ്ഥലമാണ് സ്കൂളിനുവേണ്ടി വാങ്ങാൻ തീരുമാനിച്ചത്. മണത്തണയിലെ കുളങ്ങരയത്ത് കൃഷ്ണൻനായരുടെ സ്ഥലമായിരുന്നു ഇത്. പ്രതിഫലമായി 150 രൂപ തന്നാൽ സ്ഥലം തരാമെന്ന് കൃഷ്ണൻനായർ സമ്മതിച്ചു സ്തലം വാങ്ങുന്നതിന് കമ്മറ്റിക്കാർ പിരിവു നടത്തുകയും 150 രൂപയിലധികം ശേഖരിക്കുകയും ചെയ്തു. കൃഷ്ണൻനായർ സ്കൂലിനു സംഭാവനയായി 50 രൂപ തന്നത് കിഴിച്ച് ബാക്കി 100 രൂപയെ സ്ഥലത്തിന് വാങ്ങിയുള്ളു. 1959 ലാണ് സ്കൂളിന് സ്ഥലം വാങ്ങിയത്. 1960-61 വർഷത്തിൽ സ്കൂൾ അനുവദിച്ചു കിട്ടുമെന്ന പ്രതീക്ഷയോടുകൂടി ഷെഡ്ഡും ശ്രമദനമായി നിർമ്മിച്ച് അപേക്ഷ നൽകി കുടിയേറ്റക്കാർ കാത്തിരുന്നു. വിദ്യാഭ്യാസ ഉദ്യോഗസ്ഥൻമാർക്ക് നിരന്തരമായി നിവേദനം നൽകിയതിന്റേയും ചില അധ്യാപക സംഘടനകളുടെ ശുപാർശകളുടേയും ഫലമായി 1962 ൽ അടക്കാത്തോട്ടിൽ സർക്കാർ എൽ,. പി. സ്കൂൾ അനുവദിച്ചു. 1962 ജൂൺ മാസത്തിൽ പ്രവർത്തനം ആരംഭിച്ച എൽ പി സ്കൂളിൽ ആദ്യവർഷം ഒന്നും രണ്ടും ക്ലാസുകൾ തുടങ്ങി തിരുവിതാംകൂർ സ്വദേശിയായ ഇസ്മായിൽ ആയിരുന്നു പ്രധാന അധ്യാപകൻ കുടിയേറ്റക്കാരുടെ ഇടയിൽ അധ്യാപക യോഗ്യത നേടിയ ആരും ഇല്ലാത്തതിനാൽ പുറമെ നിന്നുള്ള അധ്യാപകരെയാണ് സ്കൂളിൽ നിയമിച്ചിരുന്നത്. തിരുവിതാംകൂറിൽ നിന്നും അധ്യാപകരായി നിയമനം കിട്ടിയ ചിലരെല്ലാം ഇവിടേക്ക് കുടിയേറുകയും ചെയ്തു

## യു.പി. സ്കൂളിനായി സമരം

അടക്കാത്തോട് ഗവൺമെന്റ് എൽ പി സ്കൂൾ യുപി സ്കൂൾ ആയി ഉയർത്തി കെട്ടാൻ വേണ്ടി 1965 മുതൽ നാട്ടുകാർ നിവേദനം സമർപ്പിച്ചിരുന്നു അടക്കാത്തോട്ടിൽ നിന്നും നാലാംക്ലാസിൽ ജയിക്കുന്ന കുട്ടികൾക്ക് തുടർന്ന് പഠിക്കാൻ 10 കിലോമീറ്റർ ദൂരെയുള്ള മഞ്ഞളാംപുറത്തെ യുപി സ്കൂളിൽ എത്തണമായിരുന്നു അതിരാവിലെ ചോറുംകെട്ടി പുസ്തകവും എടുത്ത് മലകൾ കയറിയിറങ്ങി ബാവലിപ്പുഴ കമ്പിപാലവും കടന്ന് മഞ്ഞളാംപുറം സ്കൂളിലെത്തുന്നത് വലിയ സാഹസം തന്നെയായിരുന്നു.


എൽ പി സ്കൂൾ യുപി സ്കൂൾ ആക്കാൻ ഒരു ഏക്കർ സ്ഥലം കൂടി ആവശ്യമായിരുന്നു ഇതിന് ഫണ്ട് പിരിക്കുന്നതിനും മറ്റും ആയി പ്ലാക്കാട്ട് ആന്റണി ഈപ്പൻ പ്രസിഡണ്ടായുള്ള കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സംഭാവന പിരിച്ച് കിട്ടിയ സംഖ്യ കൊടുത്ത് എൽ. പി. സ്കൂളിന്റെ 100 മീറ്റർ അടുത്തായി 1 ഏക്കർ സ്ഥലം കൂടി വാങ്ങിച്ചു. യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാത്തതിന്റെ പ്രതിഷേധം എന്ന നിലയിൽ 1973-74 വിദ്യാഭ്യാസ വർഷത്തിൽ നാലാം ക്ലാസിൽ നിന്നും ജയിച്ച 40 കുട്ടികളെ മഞ്ഞളാംപുറം യു. പി. സ്കൂളിലേക്ക് അയക്കാതെ എൽ. പി. സ്കൂളിന് സമീപം ഷെഡ്ഡ് ഉണ്ടാക്കി പ്രൈവറ്റായി അഞ്ചാംക്ലാസ്സ് തുടങ്ങുവാൻ രക്ഷിതാക്കളും കമ്മറ്റിയും തീരുമാനിച്ചു. അടക്കാത്തോട്ടിൽ നിന്നും ആദ്യമായി അധ്യാപകനാകുവാൻ യോഗ്യത നേടിയ മുക്കാട്ടുകുന്നേൽ ജോർജ്ജ് ആയിരുന്നു അധ്യാപകൻ.

1975 ൽ കേരളത്തിൽ പുതിയ സ്കൂളുകൽ അനുവദിക്കുന്നതിനും നിലവിലുള്ളത് അപ്ഗ്രേഡ് ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു. ആവശ്യമായ സ്ഥലങ്ങൾ ശുപാർശ ചെയ്യാൻ എം. എൽ. എ. മാരടങ്ങിയ ഉപദേശക സമിതിയെ നിയമിക്കുകയും ചെയ്തു. തളിപ്പറമ്പ് എം. എൽ. എ. ആയിരുന്ന സി. വി. ഗോവിന്ദൻ നമ്പ്യാർ ഉപദേശക സമിതിയിലെ അംഗമായിരുന്നു. അടക്കാത്തോട്ടിൽ നിന്നും കമ്മറ്റിക്കാർ തളിപ്പറമ്പിൽ പോയി അദ്ദേഹത്തെ കാണുകയും യു. പി. സ്കൂളിനായി നടത്തിയ സമരത്തിന്റേയും കുട്ടികൾ അനുഭവിക്കുന്ന കഷ്ടപ്പാടിന്റേയും പത്രവാർത്തകൾ അദ്ദേഹത്തിന്

നൽകുകയും ചെയ്തു. തുടർന്നുള്ള പ്രവർത്തനങ്ങളുടെ ഫലമായി 1976 ൽ അടക്കാത്തോട് എൽ. പി. സ്കൂൾ യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായി. പതിറ്റാണ്ടിലേറെ നീണ്ടുനിന്ന മുറവിളികളുടേയും സമരങ്ങളുടേയും ഫലമാണ് അടക്കാത്തോട്ടിൽ നാം ഇന്ന് കാണുന്ന ഗവ. യു. പി. സ്കൂൾ. 2012 ൽ സ്കൂളിലെ പ്രീപ്രൈമറി വിഭാഗത്തന് സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുകയും ടീച്ചർ, ആയ തസ്തികകൾ അനുവദിക്കുകയും ചെയ്തു.

## ഉപസംഹാരം

62 വർഷങ്ങൾ പിന്നിടുന്ന അടയ്ക്കാത്തോട് ഗവ. യു.പി സ്കൂളിൽ നിന്നും ഏകദേശം 6700ലധികം കുട്ടികൾ അറിവിന്റെ ആദ്യാക്ഷരങ്ങൾ നുകർന്നു കൊണ്ട് പടിയിറങ്ങിയിട്ടുണ്ട് അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തപ്പെട്ടിട്ടുണ്ട് എന്നതും സ്കൂളിനെ സംബന്ധിച്ചിടത്തോളം അഭിമാനമാണ് കേളകം ഗ്രാമപഞ്ചായത്തിലെ അക്ഷര ശ്രീകോവിലായി പരിലസിക്കുന്ന അടക്കാത്തോട് ഗവൺമെന്റ് യുപി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഇനിയും ഉയരേണ്ടതുണ്ട് പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ 150 കുട്ടികളും 11 അധ്യാപകരും രണ്ട് അനധ്യാപക ജീവനക്കാരും ഉൾക്കൊള്ളുന്നതാണ് 63-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന അടയ്ക്കാത്തോട് ഗവൺമെന്റ് യു.പി സ്കൂൾ.





ആദ്യകാലവിദ്യാലയം

# യു .പി  വിഭാഗം

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികാസം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്ത-രാക്കുക. | **എന്റെ അവധിക്കാലം**<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങ-ളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്, ചിത്രങ്ങൾ] അവ-തരിപ്പിക്കുന്നു. | | | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരബോധം, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ. | |
| | **ഞാൻ സൂര്യൻ:**<br>വൃത്തം വരച്ച് അതിൽ കുട്ടികളുടെ പേര് എഴുതി രശ്മികൾ വരച്ച് സൂര്യനാക്കുന്നു. ഓരോ രശ്മികളിലായി വിവിധ കാര്യങ്ങൾ എഴുതിച്ചേർത്ത് പദസൂര്യൻ വിപുലപ്പെടുത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ. | |
| | • ചിത്രത്തിൽ നിന്നും എഴുത്തിലേക്ക്<br>വിവിധ ചിത്രങ്ങൾ കുട്ടികൾ വരച്ച ശേഷം ചിത്രത്തിൽ കാണുന്ന വസ്തുക്കൾ വാക്കുകളായി എഴുതുന്നു.<br>കുട്ടികൾ ചിത്രത്തിലെ കാഴ്ചകൾ വാക്യങ്ങളായി എഴുതുന്നു.<br>• വാക്കുകളിൽ നിന്നും വാക്യത്തി-ലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. | |
| 2. പഠിതാവിൽ അർത്ഥ-പൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | • വായനാലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | എല്ലാ അധ്യാപകരും. | |
| | • ആസ്വാദനക്കുറിപ്പ്<br>കുട്ടികൾക്ക് നൽകുന്ന ലൈബ്രറി പുസ്തകങ്ങളുടെയും കുട്ടികൾ വായിക്കുന്ന മറ്റ് പുസ്തകങ്ങളുടെയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | പ്രതിമാസം | വിദ്യാരംഗം സാഹിത്യവേദി. | |

# ഇംഗ്ലീഷ്

| Aims | Activities | Time | Responsibility |
| --- | --- | --- | --- |
| 1. To develop listening skills and reading skills. | 1, Games, Action songs, Hello English. Activities.<br>2, Conversations, Skit stories<br>Use ICT.<br>Speaking skills.<br>1, Identify the naming words from the picture<br>2, Identify the action words from the same picture.<br>3, Make simple sentences using the action word and naming words about the picture | June<br>July. | English Teachers. |
| 2, Develop the creative speaking and writing | 1, News paper reading, library books reading book review,<br>2, Find words. 3, collect and read past tense.<br>3, Text book activities.<br>Writing skills.<br>1, Make word web. 2, Picture description with describing words.<br>3, make words and sentences speech, book review, Quiz riddles, self introduction, etc. - - | August<br>September<br>October. | English Teachers. |

| | | | | |
|---|---|---|---|---|
| | words from the Lesson on a chart and read them from the mirror. Those who find all the words correctly can climb on the ladder and get a hidden prize.<br>• FM corner<br>Offers an opportunity to present different stories in the form of reader's theater radio drama.<br>• Reader of the Month.<br>Gives an opportunity to read an English daily newspaper. Honoring the Reader of the month. | June - March. | English Teachers. | |
| 5<br>Enables to write English without Mistake | • My Droplets.<br>Creates a class magazine and mini-dictionary featuring childrens art work.<br>• Alert Zone<br>Signs, Posters, and Notices are displayed in the school environment and classrooms. | End of the year. | English Teachers. | |

# ഹിന്ദി

| | | | |
|---|---|---|---|
| 1. 5.6.7 അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പരിചയപ്പെടുത്തുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലിക്കൊടുത്ത് വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കിക്കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട് ഡിജിറ്റലിൽ അക്ഷര രചനകൾ കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫിബ്രവരി വരെ | ഹിന്ദി അധ്യാപകർ |
| 2. ഹിന്ദി വായനാ! ഒപ്പം കൂടാം ഹിന്ദി വായിക്കുവാനുള്ള പരിശീലനം. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ CD തുടങ്ങി ഹിന്ദിയിൽ വായിച്ചുള്ളവ കാണിക്കും. | ജൂൺ മുതൽ ഫിബ്രവരി വരെ | ഹിന്ദി അധ്യാപകർ |
| 3. ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തു. | ഹിന്ദി മാത്രം സംസാരിക്കാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്;<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Reading fight മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാലിക്കാത്ത കുട്ടികൾ ശരി വായിക്കണം. അക്കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫിബ്രവരി വരെ | ഹിന്ദി അധ്യാപകർ |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| 1. ശാസ്ത്രലാബ് നവീകരണം | ശില്പശാല, പഠനോപകരണ നിർമ്മാണം, ശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങളുടെ സജ്ജീകരണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |
| 2. എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക. | ശാസ്ത്രപ്രവർത്തനങ്ങൾ, ശാസ്ത്രത്തിന്റെ, ദിനാചരണങ്ങൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| 3. നൂതന അറിവുകൾ പങ്കുവെക്കുന്നതിനും വിശദീകരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക. | സ്കൂൾ അസംബ്ലികളിലും സയൻസ് ക്ലബ്ബ് മീറ്റിംഗുകളിലും CPTA കളിലും കുട്ടികളുടെ നൂതന അറിവുകൾ പങ്കുവെക്കുന്നതിന് അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| 4. സയൻസ് ക്ലബ്ബ് ശാക്തീകരണം. | സെമിനാറുകൾ, സ്വയം പരീക്ഷണങ്ങൾ തുടങ്ങിയവ ചെയ്യുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു. പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് അവസരങ്ങൾ ഒരുക്കി കൊടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| 5. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | പരിസ്ഥിതി ക്ലബ്ബുമായി യോജിച്ച് പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കൽ, സ്വന്തമായി ജൈവകൃഷിത്തോട്ടം. | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1, സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | അങ്കത്തട്ട് – ക്ലാസ്സിൽ നിന്ന് കാര്യത്തിലേക്ക്.<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനപരമായ അറിവ് പരിശീലിപ്പിക്കുന്നതിന് പ്രശ്നങ്ങൾ ഓരോ കുട്ടിക്കും നൽകുന്നു.<br>ഓർമച്ചെപ്പ്<br>ശിലായുഗം മുതൽ ആധുനികകാലം വരെയുള്ള നദികൾ, ഭൂപടങ്ങൾ, ചരിത്ര സ്ഥലങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെഗാ ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം<br>അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2, പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip.<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 3, കുട്ടികളിൽ പ്രാദേശിക ചരിത്രാവബോധം വളർത്തുക. | പ്രാദേശിക ചരിത്ര രചന.<br>ഞങ്ങളുടെ വീട്<br>ഞങ്ങളുടെ സ്കൂൾ<br>ഞങ്ങളുടെ നാട്. | ജൂൺമാസം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 4. ഗണിതം മധുരമാക്കൽ ഗണിത ശേഷികളുടെ വികസനം. | ശില്പശാല<br>ഗണിത പാഠങ്ങൾ, ഗണിത ആശയങ്ങൾ തുടങ്ങിയ മേഖലകളിലും ജ്യോമെട്രി-ക്കൽ പാറ്റേണുകളിലും പ്രത്യേക പ്രാവീണ്യമുള്ള ആളുകളുടെ നേതൃത്വത്തിലുള്ള ഗണിത ശില്പശാല. | ആഗസ്റ്റ് മാസം | ഗണിത അധ്യാ-പകർ സ്കൂൾ PTA | |
| 5, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജന-പ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോ-ണങ്ങൾ, ടാൻഗ്രാം, ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളി-ലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 6. ഗണിത മേഖലയിൽ കുട്ടി-കളുടെ താല്പര്യം വർദ്ധി-പ്പിക്കൽ. | ഗണിതബോധം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ [തൊട്ടടുത്ത വിദ്യാലയ-ങ്ങളിലും മറ്റ് മേഖലകളിലും പ്രവർ-ത്തിക്കുന്നവർ, വിരമിച്ച അധ്യാപകർ] കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ. | ഗണിത അധ്യാപകർ ഹെഡ്മിസ്ട്രസ് PTA. | |

# STANDARD

# 1

Academic Master Plan 2025-26

Class 1

ആമുഖം:

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക. എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024-25 അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾകൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകും. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

വിഷയം: മലയാളം

ലക്ഷ്യങ്ങൾ:

• ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
• എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃ[illegible] വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
• സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ല[illegible] വാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
• പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെ[illegible]
• ലളിതമായ വായനക്കാർഡുകൾ രൂപപ്പെടുത്തിയെ[illegible] നിർമിക്കുന്നു, വായിക്കുന്നു.
• പത്രം തയ്യാറാക്കുന്നു.
• സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | പൂര[illegible] |
|---|---|---|---|
| വായന | • ചിത്ര വായന<br>• വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• വായനാ മൂല ഒരുക്കൽ<br>• ~~[illegible]~~<br>• വായനകാർഡ് തയ്യാറാക്കൽ | ജൂൺ | |
| സചിത്ര ബുക്ക്, സംയുക്ത ഡയറി തയ്യാറാക്കൽ | • രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി, സചിത്ര ബുക്ക് എന്നിവ തയ്യാറാക്കുന്നു. | ജൂലൈ | |
| ക്ലാസ് ലൈബ്രറി ഒരുക്കൽ | • താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകങ്ങൾ തൊട്ട് അറിയാനും നിറഞ്ഞ [illegible] | | |

## English

The class 1 English Academic Master plan for our syllabus is a structured outline of the topics and skills to be covered in the first grade English curriculum. This master plan serves as a guide for teachers to ensure comprehensive coverage of essential English language skills for first grade students.

*The goal is to make learning English fun, involving thinking, listening, talking, reading and even imagining.

Topics and skills:

Term 1: Focuses on foundational skills like alphabet recognition, basic sight words, simple sentences, and story telling.

Term 2: Builds on phonics, word building, basic grammar, and vocabulary development.

Term 3: Emphasizes reading comprehension, fluency, ~~sha~~ writing short paragraphs, and creating writing.

Skills to be developed:

- Listening: Ability to understand spoken language
- Speaking: Ability to express thoughts and ideas verbally.
- Reading: Ability to understand written text.

ഗണിതം

ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിതപ്രവർത്തനങ്ങൾ രസകരമായി കുട്ടി ചെയ്തു തുടങ്ങേണ്ടതുണ്ട്. ഗണിതാശയങ്ങൾ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും എന്ന പോലെ ഗണിതബോധം കുട്ടികളിൽ വളർത്തിയെടുക്കാൻ ചെറിയ ക്ലാസുകൾ മുതൽ തന്നെ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഗണിതാശയങ്ങൾ പാട്ടിലൂടെയും കളിയിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. വിവിധ തരത്തിൽ ഈ ആശയങ്ങൾ കുട്ടികൾക്ക് നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്

ലക്ഷ്യങ്ങൾ:

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- ഒരക്കസംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
- ആരോഹണ അവരോഹണ ക്രമത്തിലാക്കൽ
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- സംഖ്യാവ്യാനം, സംഖ്യാപാറ്റേൺ രൂപീകരണം.

# പരിസരപഠനം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ കുട്ടി കടന്നുപോകുന്നത്, ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് വളരെ അത്യാപേക്ഷിതമായ കാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി കടന്നുപോകുമ്പോൾ പരിസരവുമായി ഇണങ്ങി ചേരാനും കഴിയുന്നു. പരിസരവുമായി ഇഴുകി ചേർന്ന് പഠിക്കുന്നതും ജീവിക്കുന്നതും നല്ല മനോഭാവമാണ്. ചെറിയ തലത്തിൽ നിന്ന് തന്നെ കുട്ടി ശാസ്ത്രീയ വശങ്ങൾ മനസിലാക്കി നിഗമനങ്ങളും, പരീക്ഷണങ്ങളും, കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടതാണ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
| --- | --- | --- | --- | --- |
| • ചെടികൾ നിരീക്ഷിച്ച് പ്രകൃതിയിൽ നിരവധി വ്യത്യസ്തതകളുണ്ട് എന്ന് കണ്ടെത്തൽ. | - പ്രകൃതി നടത്തം.<br>- പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ (വൃക്ഷത്തൈ നടൽ, കിച്ചൺ ഗാർഡൻ)<br>- ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കൽ തിരിച്ചറിയൽ<br>- തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ. | ജൂൺ | | |
| സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു. | - സസ്യങ്ങളെ നിരീക്ഷിക്കുന്നു, പേരുകൾ കണ്ടെത്തുന്നു, പറയുന്നു. എഴുതുന്നു സഹായത്തോടെ.<br>- സ്കൂൾ പൂന്തോട്ട നിർമ്മാണം.<br>• ചെടികളുടെ ചിത്രങ്ങൾ ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.<br>• തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകത പറയൽ. എഴുതൽ.<br>ഉദാ: ചെമ്പരത്തി | ജൂലൈ ഓഗസ്റ്റ് | | |

# STANDARD

# 2

# ക്ലാസ് II

## മലയാളം

പൊതുലക്ഷ്യങ്ങൾ:

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
2. വായന പരിപോഷണം
3. കുട്ടിക്കവിതകൾ, പാട്ടുകൾ ഈണത്തിൽ പാടുന്നതിനും ആസ്വദിക്കുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു.
5. കഥകൾ കേട്ടാസ്വദിക്കുകയും കഥാപൂരണം നടത്തുകയും ചെയ്യുന്നു.
6. ലിഖിത രൂപത്തിലുള്ള ആശയപ്രകടനമാതൃകകൾ പ്രകടമാക്കുക, സ്വതന്ത്രരചനയിൽ ഏർപ്പെടുക.

## പ്രതീക്ഷിത നേട്ടങ്ങൾ

1. ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.
2. കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു.
3. കവിത ആസ്വദിക്കുന്നതിനും ഈണത്തിൽ അവതരിപ്പിക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നു.
5. കഥകൾ ആസ്വദിക്കുന്നതിനും കഥാപൂരണം നടത്തുന്നു.
6. വിവിധ ലിഖിതങ്ങളിൽ ഏർപ്പെടുന്നു. സ്വതന്ത്ര്യരചനയിൽ ഏർപ്പെടുന്നു.

ക്ലാസ് : II

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. | • അക്ഷരക്കാർഡ് വിതരണം ചെയ്ത് വായനയിലേക്ക് ഊന്നൽ നൽകൽ<br>• ആഭരണമണിയിക്കൽ<br>• അക്ഷര-ചിത്ര-വാക്യ കാർഡുകൾ ഉപയോഗിച്ചുള്ള വായന<br>• വാക്യനിർമ്മാണം - ചിത്രങ്ങൾ നിരീക്ഷിച്ച്<br>• അക്ഷരപ്പാട്ടുകൾ - ശേഖരണം, അവതരണം | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ | • വായനകാർഡുകൾ നിർമ്മാണം<br>• പത്രവായന, ഡയറിക്കുറിപ്പ് തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>• വായിച്ച ലൈബ്രറി പുസ്തകങ്ങളുടെ വായനാകുറിപ്പ് തയ്യാറാക്കൽ, അവതരിപ്പിക്കൽ<br>• വായനാനുഭവങ്ങൾ കുട്ടികൾ പരസ്പരം പങ്കുവയ്ക്കൽ<br>• വായനാമത്സരം സംഘടിപ്പിക്കുക<br>• പുസ്തകക്വിസ് സംഘടിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500 |

# ക്ലാസ് II

## ഇംഗ്ലീഷ്

പൊതുലക്ഷ്യങ്ങൾ:

1. കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ Love English Programme.
2. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. (Communication English)
3. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
4. ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു.
5. ചിത്രവായന നടത്തി ലഘുവാക്യങ്ങൾ എഴുതുന്നു, പറയുന്നു.
6. വരികൾ കൂട്ടിച്ചേർക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഇംഗ്ലീഷിനോടുള്ള താൽപര്യം ഉണ്ടാകുന്നു.
- To develop communication skill.
- To develop English vocabulary
- To develop English knowledge and expressions.
- making sentences with 'ing' forms.
- in, on prepositions.

ക്ലാസ് : II

വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | • Letter card<br>• Word card<br>• Rearrange the letters and words<br>• action songs<br>• Puzzles, Magic square<br>• Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, Stories എന്നിവ കേൾപ്പിക്കാൻ | June to March | Class teacher | SRG SSA |
| ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. | • പാഠഭാഗത്തെ നാടകീകരണസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | February | Class teacher | SRG SSA |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | • A day a word അവതരണം<br>• My English word നോട്ടീസ് ബോർഡിൽ പ്രദർശനം.<br>• അതിന്റെ reading & writing<br>• Note book ൽ രേഖപ്പെടുത്തൽ | June to March | Class teacher | |
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു. | • Class room market & field trip to market<br>• Communicative English class ആഴ്ചയിൽ ഒരു ദിവസം<br>• Speech about something in English Assembly | September to February | Resource Teacher | PTA |

ക്ലാസ് : II

വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സ്വന്തം നാടിനെക്കുറിച്ചും വീടിനെക്കുറിച്ചും അറിയുന്നു | • പലതരം വീടുകൾ - ഒരു സന്ദർശനയാത്ര.<br>• പലതരം വീടുകൾ, വീടു നിർമ്മാണഘട്ടങ്ങൾ - സന്ദർശനം.<br>• ചിത്രശേഖരണവും, പതിപ്പ് തയ്യാറാക്കൽ (പഴയകാല വീടുകൾ)<br>• പഴയകാലവീടുകളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി മുതിർന്നവരുമായി ഒരു അഭിമുഖം<br>• വീടുനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലുകൾ കണ്ടെത്തൽ<br>• സ്വന്തം നാടിനെക്കുറിച്ചടുത്തറിയാൻ ഫീൽഡ്ട്രിപ്പ് | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |
| തൊഴിലുകളുടെ വ്യത്യസ്തത തിരിച്ചറിയുന്നു | • തൊഴിൽ കൂടുതലറിയാൻ ഒരു സർവ്വെ<br>• മുതിർന്നവരുമായി ഒരു അഭിമുഖം (വിഷയം - പഴയകാല തൊഴിലുകൾ)<br>• ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കു | സപ്തംബർ മുതൽ ഡിസംബർ | ക്ലാസ് ടീച്ചർ | പി.ടി.എ<br>- |

| | | | | |
|---|---|---|---|---|
| | • എന്റെ ഇഷ്ടവിഭവം-കുറിപ്പ്<br>• വിവിധ കറികൾ, പലഹാരങ്ങൾ - അവയുടെ നിർമ്മാണ രീതി-പതിപ്പ് തയ്യാറാക്കൽ | | | |

ക്ലാസ് II

ഗണിതം

പൊതുലക്ഷ്യങ്ങൾ

1. 1000 വരെയുള്ള സംഖ്യാബോധം നേടുന്നു.
2. സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകളിൽ പ്രാവീണ്യം നേടൽ.
3. സങ്കലനം, വ്യവകലനം, ഗുണനം എന്നീ ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു.
4. നാണയങ്ങൾ, കറൻസികൾ പരിചയപ്പെടൽ, വ്യവഹാരക്രിയകൾ ചെയ്യൽ.
5. ചാൺ, ചുവട് എന്നിവയിലുള്ള ധാരണ.
6. കലണ്ടർ പരിചയപ്പെടൽ അതുമായി ബന്ധപ്പെട്ട പാറ്റേണുകൾ
7. യുക്തി ചിന്ത, മനഃക്കണക്ക് എന്നിവയിൽ പ്രാവീണ്യം നേടൽ
8. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ.

പ്രതീക്ഷിതനേട്ടങ്ങൾ

- സംഖ്യാബോധം
- സങ്കലനം, വ്യവകലനം ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- നാണയങ്ങൾ, കറൻസി ഉപയോഗിച്ചുള്ള പ്രശ്നനിർദ്ധാരണം.
- ചാൺ, ചുവട് എന്ന ധാരണ.

# STANDARD

# 3

| Aim | Activity | Time | Duty. |
| --- | --- | --- | --- |
| * To check the writing Skills and vocabulary of children. | * Pretest<br>* Word games.<br>* Word Study using ICT.<br>* Word Puzzles. | June - July. | Teachers. |
| * To develop listening Skills ~~and~~, Speaking Skills; Reading and writing Skills. | * Games, action songs,<br>* Hello English.<br>* Skit, Stories.<br>* ICT.<br>* Make the simple sentences using the word about picture.<br>* Books reading.<br>* Word web, picture description<br>* Add more lines.<br>* Make riddles, conversation<br>* Develop story, Thoughts | June - March | Teachers, Parents. |
| * To develop creative speaking and writing. | Picture story<br>* Book reading.<br>* Picture description.<br>* To express thought feelings ectr in simple sentence.<br>* Develop Story. | August - March | Teachers, Parents. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | * ലാബ് പരീക്ഷണങ്ങളിൽ ഏർപ്പെടൽ. * ശാസ്ത്ര ക്വിസ്. * ഫീൽഡ് ട്രിപ്പ് | June - March. | അധ്യാപകർ, രക്ഷിതാക്കൾ. |
| * പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | * പ്രകൃതി നടത്തം. * പൂന്തോട്ടം ഒരുക്കൽ. * വൃക്ഷത്തൈ നടൽ. * പ്രകൃതി സംരക്ഷണ പോസ്റ്റർ നിർമ്മാണവും പരിസരങ്ങളിൽ പതിക്കലും. | June - March | അധ്യാപകർ, രക്ഷിതാക്കൾ. |
| * വ്യക്തിശുചിത്വം പരിസര ശുചിത്വം പാലിക്കൽ. | * ക്ലാസ് തല ശുചിത്വ മത്സരം. * വ്യക്തിശുചിത്വം ക്ലാസ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു. * പരിസരത്തെ മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തി [illegible] | June-March. | അധ്യാപകർ, കുട്ടികൾ. |

| | | | | |
|---|---|---|---|---|
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.<br><br>* ഗണിത പഠനം ഉല്ലാസപ്രദവും കൗതുകമുള്ളതുമാക്കുക. | * ഗണിത ശില്പശാല<br>* Class പി.ടി.എ.<br>* ഗണിതവിജയം പ്രവർത്തനങ്ങൾ.<br>* വർക്ക് ഷീറ്റുകൾ.<br>* കളിനോട്ട് ഉപയോഗിച്ചുള്ള ഗണിതകേളികൾ. | ജൂൺ-മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ | SMC |
| * യുക്തി ചിന്ത, ഗണിത ചിന്ത, വിശകലന ശേഷി കുട്ടികളിൽ വളർത്തുക. | * കണക്കിലെ കളികൾ<br>* ഗണിത ക്വിസ്<br>* പസിലുകൾ<br>* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നനിർദ്ധാരണം.<br>* സംഖ്യകളെ സ്ഥാന വിലയനുസരിച്ച് വ്യാഖ്യാനിക്കൽ. | ജൂലായ്-മാർച്ച് | അധ്യാപകർ. | SMC. |
| * ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. | * ഐടി ജിയോജിബ്ര പരിചയപ്പെടുത്തൽ.<br>ഐടി ലാബ് കലക്ഷൻ ഗെയിംസ്.<br>[illegible] | ജൂൺ-മാർച്ച് | അധ്യാപകർ. | PTA. |

STD 4

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ❖ ചുറ്റുപാടുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>❖ പ്രത്യേകതകൾ മനസ്സിലാക്കാം<br>❖ വിവിധ ആവാസവ്യവസ്ഥകൾ തിരിച്ചറിയാം<br>❖ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>❖ നമുക്ക് ചുറ്റുപാടുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം. സ്വയം തിരുത്താം.<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>❖ തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ❖ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>❖ വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ<br>❖ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമാണം | ❖ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>❖ പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ❖ പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ❖ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>❖ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ - മാർച്ച് |
| | നമ്പർ വൺ | ❖ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>❖ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ - മാർച്ച് |

## ENGLISH

| *LEARNIGOUTCOMES* | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

| | | | |
|---|---|---|---|
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |

## ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം | ◆ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു<br>◆ കിട്ടിയ സംഖ്യ വായിക്കാം<br>◆ മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | ◆ സംഖ്യ നറുക്ക് എടുക്കുന്നു.<br>◆ കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | ◆ വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ-സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | ◆ വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>◆ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ - ആഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ◆ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>◆ കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |
| | സംഖ്യാസൂര്യൻ | ◆ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>◆ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | ◆ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>◆ അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ - സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | ◆ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ,വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>◆ ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>◆ ആവശ്യമുള്ളവ അളന്നെടുക്കുന്നു. | |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റു കൂടാതെ വായിക്കാനുള്ള കഴിവുണ്ടാക്കുക. | അക്ഷരവായന | I-II | ജൂൺ-ജൂലൈ | അധ്യാപകർ | അധ്യാപകർ PTA SRG |
| | ക്ലാസ് വായന | I-II | ജൂൺ-ഫെബ്രുവരി | | |
| | ലൈബ്രറിവായന | III-IV | | | |
| | ചിത്രവായന | I-IV | | | |
| | മാഗസിൻ വായന | III-IV | നവംബർ | | |
| | വീട്ടുവായന | I-IV | ഡിസംബർ | | |
| | കഥാവായന | III-IV | | | |
| | വായനാമത്സരങ്ങൾ | II-III-IV | ജൂൺ-മാർച്ച് | | |
| | മോണിറ്ററിംഗ് | | ജൂൺ-മാർച്ച് | | |
| | വാക്യങ്ങൾ ഉറപ്പിക്കൽ | I-IV | ജൂൺ-മാർച്ച് | | |
| | വ്യാകരണങ്ങൾ | III-IV | ജൂൺ-മാർച്ച് | | |
| | ഇ വായന | I-IV | ജൂൺ-മാർച്ച് | | |
| അറബിഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലെ ഈ സംഭാഷണങ്ങൾ കേൾപ്പിക്കൽ | I-IV | ജൂലൈ-മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |
| | ലാംഗ്വേജ് ഗെയിംസ് | | ജൂലൈ-മാർച്ച് | | |
| | റോൾപ്ലേ | | | | |
| | ക്ലാസ് സംഭാഷണം | I-IV | ആഗസ്റ്റ് | | |
| | കാർട്ടൂൺ | | ഫെബ്രുവരി | | |
| | പ്രദർശനം | I-IV | | | |
| | പദസമ്പത്ത് വർധിപ്പിക്കൽ | III-IV | | | |
| | ഡ്രാമറ്റൈസേഷൻ | I-IV | | | |

| | | | | | |
|---|---|---|---|---|---|
| ഭാഷാപരമായ കഴിവുകൾ വികസിപ്പി-ക്കാം | അക്ഷരങ്ങൾ ഉറപ്പിക്കൽ | III – IV | ജൂൺ - മാർച്ച് | | |
| | പദങ്ങൾ ഉറപ്പി-ക്കൽ | | | | |
| | -വാക്യങ്ങൾ ഉറപ്പിക്കൽ | I to II | ജൂൺ - മാർച്ച് | | |
| | കുട്ടി കയ്യെഴുത്ത് | | | | |
| | അക്ഷര കാർഡ് നിർമ്മാണം | I - II | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപ-കർ - PTA |
| | കൈയെഴുത്ത് മാസിക | I - II | ഡിസംബർ | | |
| | ചിത്ര [illegible] നിർമ്മാണം | I - II | സെപ്തംബർ മാർച്ച് | | |
| | ചാർട്ട് [illegible] | | ഒക്ടോബർ | | |
| | ചിത്ര കഥാ നിർ-മിക്കൽ | III – IV | ഫെബ്രുവരി | | |
| | | III - IV | | | |
| | Translation. | | | | |
| | Malayalam to Arabic | III – IV | | | |
| | | II – III - IV | | | |
| | Arabic to Malayalam | | ജൂൺ - മാർച്ച് | | |
| | Arabic to English | | | | |
| | English to Arabic | I – IV | | | |